**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3290 | 19.06.2019 ലെ മറുപടിക്ക്

**വാട്ടർ വേൾഡ് ടൂറിസം റിസോർട്ടിൽ അനധികൃത നിർമ്മാണം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.റോജി എം.ജോൺ | | ശ്രീ.എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴയിലെ വാട്ടർ വേൾഡ് ടൂറിസം കമ്പനി പ്രൈവറ്റ് ലിമിറ്റഡ് റിസോർട്ടിൽ അനധികൃത നിർമ്മാണം നടന്നതായി കണ്ടെത്തി യിട്ടുണ്ടോ; | (എ) | കണ്ടെത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത അനധികൃത നിർമ്മാണ ത്തിന് പിഴ ഈടാക്കുവാൻ ആലപ്പുഴ നഗരസഭ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ എന്ത് തുകയാണ് പിഴയായി ഈടാ ക്കുവാൻ തീരുമാനിച്ചിട്ടുള്ളത്? | (ബി) | പ്രസ്തുത അനധികൃത നിർമ്മാണത്തിന് 1994-ലെ കേരള മുനിസിപ്പാലിറ്റീസ് ആക്റ്റ് വകുപ്പ് 242 പ്രകാരം അടിസ്ഥാന വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി പിഴയും ഉപനികുതികളും സെസ്സും ഉൾപ്പെടെ പ്രതിവർഷം 13,71,828/- (പതിമൂന്ന് ലക്ഷത്തി എഴുപത്തൊന്നായിരത്തി എണ്ണൂറ്റി ഇരുപത്തിയെട്ട്) രൂപ വീതം മുൻകാല പ്രാബല്യത്തോടെ ഒടുക്കു വരുത്തുന്നതിന് നഗരസഭ ഡിമാന്റ് നോട്ടീസ് നൽകിയിരുന്നു. എന്നാൽ കമ്പനി അധികൃതർ സർക്കാരിനു നൽകിയ അപ്പീൽ അപേക്ഷയിന്മേൽ നഗരകാര്യ ദക്ഷിണമേഖല ജോയിന്റ് ഡയറക്ടർ പരിശോധന നടത്തി ടി ഡിമാന്റ് നോട്ടീസിന് കേരള മുനിസിപ്പാലിറ്റീസ് ആക്റ്റ് വകുപ്പ് 538 എ, 539 എന്നിവയുടെ ലംഘനമുള്ളതായി റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള വാർഷിക വസ്തു നികുതി നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി ഈടാക്കുന്നതിന് ആലപ്പുഴ നഗരസഭയ്ക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**